ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 15.12.2024**

## പ്രധാനവാർത്തകൾ

1. **ചീഫ് സെക്രട്ടറിമാരുടെ നാലാമത് ദേശീയ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.**
2. **സംസ്ഥാനത്ത് ഗ്രന്ഥശാലാ സംഘം ലൈബ്രറികളിലെ സെക്രട്ടറി, ലൈബ്രേറിയൻ തസ്തികയിലുള്ളവർക്ക് ഇൻഷുറൻസ് ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
3. **തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ചൊവ്വാഴ്ച ഉന്നതതല യോഗം വിളിച്ച് ഗതാഗത മന്ത്രി.**
4. **ശിവഗിരി തീർത്ഥാടന കാലത്തിന് തുടക്കം; മാനവികതയ്ക്ക് നിർവചനം നൽകിയ മഹാ ചൈതന്യമാണ് ശ്രീനാരായണഗുരുവെന്ന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ.**
5. **മുതിർന്ന നടിമാരെ ആദരിക്കാനൊരുങ്ങി കേരള രാജ്യാന്തര ചലച്ചിത്രമേള; വിവിധ വിഭാഗങ്ങളിലായി ഇന്ന് 67 ചിത്രങ്ങൾ.**
6. **സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗോവയ്ക്കെതിരെ കേരളത്തിന് ജയം; ബ്രിസ്ബെയ്ൻ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയ ശക്തമായ നിലയിൽ.**

****************************************

**ചീഫ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനം**

ന്യൂഡൽഹിയിൽ നടക്കുന്ന ചീഫ് സെക്രട്ടറിമാരുടെ നാലാമത് ദേശീയ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. ത്രിദിന സമ്മേളനത്തിന്റെ ഇന്നത്തെ യോഗത്തിൽ പ്രധാനമന്ത്രി ഇപ്പോൾ അധ്യക്ഷത വഹിക്കുകയാണ്. അതിവേഗ വളർച്ചയും വികസനവും കൈവരിക്കുന്നതിനായി സഹകരണ ഫെഡറലിസം ശക്തിപ്പെടുത്തുക, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ഏകോപനവും പങ്കാളിത്തവും ഉറപ്പാക്കുക, എന്നിവ സമ്മേളനത്തിന്റെ ലക്ഷ്യങ്ങളാണ്. ചീഫ് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്..

**************************************

**സർദാർ വല്ലഭായ് പട്ടേൽ**

ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിൻ്റെ ചരമവാർഷിക ദിനം ഇന്ന്.രാജ്യത്തിൻ്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും, വികസിത രാജ്യം എന്ന ലക്ഷ്യ സാക്ഷാത്ക്കാരത്തിനും പട്ടേലിന്റെ പ്രവർത്തനങ്ങൾ പ്രചോദനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

PNU TVPM

**************************************

**അമിത് ഷാ**

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് ബിൽ ഫെഡറലിസത്തിന് വിരുദ്ധമെന്ന ആരോപണം തള്ളി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പുകൾ ഒരേസമയം നടത്തുന്നത് പുതിയ കാര്യമല്ലെന്ന് അദ്ദേഹം പറഞ്ഞു. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് രീതിയിലാണ് രാജ്യത്ത് ആദ്യ മൂന്ന് പൊതു തെരഞ്ഞെടുപ്പുകൾ നടന്നതെന്നും ശ്രീ ഷാ വ്യക്തമാക്കി.

**************************************

**മുഖ്യമന്ത്രി - കാസർഗോഡ്**

ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിലെ സെക്രട്ടറി മാർക്കും ലൈബ്രേറിയൻ മാർക്കും ഇൻഷുറൻസ്

പരിരക്ഷ ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 15,000 പേരാണ് പദ്ധതിയുടെ ഗുണഭോക്താക്കളാവുക. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് മന്ദിരത്തിന്റെ ഉദ്ഘാടനം കാസർഗോഡ് വിദ്യാനഗർ ഉദയഗിരിയിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഇന്ന് ജില്ലയിലെ വിവിധ പരിപാടികളിൽ മുഖ്യമന്ത്രി പങ്കെടുക്കും. ഉച്ചയ്ക്ക് രണ്ടിന് ഗേറ്റ് വേ ബേക്കൽ റിസോർട്ടിൻറെ ഉദ്ഘാടനത്തിൽ പങ്കെടുക്കുന്ന അദ്ദേഹം വൈകീട്ട് 3.30ന് കാറ്റാടിയിലും 4.30ന് ചീമേനിയിലും പൊതു പരിപാടികളിലും പങ്കെടുക്കും.

***************************************

## ഗതാഗത മന്ത്രി - പത്തനംതിട്ട അപകടം

സംസ്ഥാനത്ത് തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ചൊവ്വാഴ്ച ഉന്നതതല യോഗം ചേരുമെന്ന് ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ. പത്തനംതിട്ട കൂടൽ മുറിഞ്ഞകല്ലിൽ കാറും മിനി ബസും കൂട്ടിയിടിച്ച് ഒരു കുടുംബത്തിലെ നാലു പേർ മരിച്ച സംഭവത്തിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. വാഹനങ്ങൾ ലൈൻ ലംഘിക്കുന്നത് അപകട കാരണമാകാറുണ്ടെന്നും സ്വിഫ്റ്റ് ബസ് ഡ്രൈവർമാർക്ക് ഉൾപ്പെടെ കൃത്യമായ പരിശീലനം നൽകുമെന്നും മന്ത്രി പറഞ്ഞു. ഇന്ന് പുലർച്ചെ ഉണ്ടായ അപകടത്തിൽ കോന്നി മല്ലശ്ശേരി സ്വദേശികളായ മത്തായി ഈപ്പൻ, മകൻ നിഖിൽ, നിഖിലിന്റെ ഭാര്യ അനു, അനുവിന്റെ പിതാവ് ബിജു പി ജോർജ് എന്നിവരാണ് മരിച്ചത്. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

**(വോയ്സ്)**

***************************************

## വർക്കല - ശിവഗിരി

അനുകമ്പയുടെയും സ്നേഹത്തിൻറേയും സേവനത്തിൻറേയും അമൂല്യഭാവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മാനവികതയ്ക്ക് നിർവചനം നൽകിയ മഹാചൈതന്യമാണ് ശ്രീനാരായണഗുരു എന്ന് മന്ത്രി കടന്നപ്പിള്ളി രാമചന്ദ്രൻ.

RNUTVPM

വർക്കലയിൽ ശിവഗിരി തീർത്ഥാടനകാലത്തിന്റെ ഉദ്ഘാടനം നിർവഹിച്ച സംസാരിക്കുകയായിരുന്നു അദ്ദേഹം. സമകാലികസാഹചര്യത്തിൽ തീർത്ഥാടനകേന്ദ്രത്തിന്റെ പ്രാധാന്യം വലുതാണെന്നും ശ്രി കടന്നപ്പിള്ളി കൂട്ടിച്ചേർത്തു. ഇതോടെ 92-ാമത് ശിവഗിരി തീർത്ഥാടന മഹാമഹത്തെ വിളംബരം തെയ്യുന്ന തീർത്ഥാടന കാലത്തിന് ശിവഗിരിയിൽ തുടക്കമായി. ഈ മാസം 30-ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകറാണ് ശിവഗിരി തീർത്ഥാടനം ഉദ്ഘാടനം ചെയ്യുന്നത്.

*************************************

**ചലച്ചിത്രമേള + കണ്ണൻ നായർ ( ഇൻട്രോ )**

തിരുവനന്തപുരത്ത് നടക്കുന്ന 29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ മൂന്നാം ദിനമായ ഇന്ന് വിവിധ വിഭാഗങ്ങളിലായി പ്രദർശിപ്പിക്കുന്നത് 67 ചിത്രങ്ങൾ. മുതിർന്ന ചലച്ചിത്ര നടിമാർക്ക് ആദരം അർപ്പിക്കുന്ന മറക്കില്ലൊരിക്കലും പരിപാടി ഇന്ന് നിശാഗന്ധിയിൽ നടക്കും. രാജ്യത്തിനകത്തും പുറത്തുമുള്ള ചലച്ചിത്ര പ്രവർത്തകരുടെയും സിനിമാ ആസ്വാദകരുടെയും മികച്ച പങ്കാളിത്തം കൊണ്ട് മേള ശ്രദ്ധേയമാവുകയാണ്. IFFK യിൽ കണ്ട സിനിമകൾ തന്റെ അഭിനയ ജീവിതത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്ന് നടൻ കണ്ണൻ നായർ ആകാശവാണി വാർത്തകളോട് പറഞ്ഞു......

**( വോയിസ് )**

*************************************

**മധു**

29-ാമത് രാജ്യാന്തര ചലച്ചിത്രമേളയുടെ ആദരിക്കൽ ചടങ്ങിൻറെ ഭാഗമായി തിരുവനന്തപുരത്തെത്തിയ പഴയകാല നടിമാർ നടൻ മധുവിനെ സന്ദർശിച്ചു. ഭവാനി, ശോഭ, കെ ആർ വിജയ , റീന, ഉഷാകുമാരി, രാജശ്രീ , വഞ്ചിയൂർ രാധ തുടങ്ങിയ താരങ്ങളും ഡബ്ബിങ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മിയുമാണ് കണ്ണമ്മൂലയിലെ നടന്റെ വീട്ടിലെത്തിയത്. എല്ലാവരെയും കാണാനായതിൽ സന്തോഷമെന്ന് ശ്രീ മധു പ്രതികരിച്ചു.

*************************************

PNU TVPM

**ഇനി ഞാനൊഴുകട്ടെ - മന്ത്രി എം.ബി. രാജേഷ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന **'ഇനി ഞാനൊഴുകട്ടെ'** ജനകീയ ക്യാമ്പയിൻ മൂന്നാംഘട്ടത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് ഇന്ന് പാലക്കാട് കണ്ണനൂരിൽ നിർവഹിക്കും. ജലസ്രോതസ്സുകളും നീർച്ചാലുകളും വീണ്ടെടുക്കുകയാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. രണ്ട് ഘട്ടങ്ങളിലായി ക്യാമ്പയിനിലൂടെ സംസ്ഥാനത്തെ 24,741 നീർച്ചാലുകളാണ് പുനരുജ്ജീവിപ്പിച്ചത്.

****************************************

**സന്തോഷ് ട്രോഫി ( ഇൻട്രോ)**

സന്തോഷ്ട്രോഫി ഫുട്ബോളിൽ ഇന്ന് നടന്ന മത്സരത്തിൽ കേരളത്തിന് ജയം. കരുത്തരായ ഗോവയെ 4-3 നാണ് കേരളം പരാജയപ്പെടുത്തിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു...

**(വോയ്സ്)**

****************************************

**ക്രിക്കറ്റ്**

ബോർഡർ - ഗാവസ്കർ ട്രോഫിയിലെ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിനം ഇന്ത്യയ്ക്കെതിരെ ആദ്യ ഇന്നിംസിൽ ബാറ്റിംഗ് തുടരുന്ന ഓസ്ട്രേലിയ ഒടുവിൽ വിവരം ലഭിക്കുമ്പോൾ ആറ് വിക്കറ്റ് നഷ്ടത്തിൽ 351 റൺസ് എന്ന നിലയിൽ. ഇന്നലെ കളി മഴമൂലം ഉപേക്ഷിച്ചിരുന്നു.ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തിരഞ്ഞെടുക്കുകയായിരുന്നു.

****************************************

**മൂന്നാർ - ടൂറിസം ( ഇൻട്രോ )**

ക്രിസ്മസ് പുതുവത്സര ആഘോഷങ്ങൾക്കായി മൂന്നാറും പരിസരങ്ങളും ഒരുങ്ങി. റിസോർട്ടുകളിലെയും ഹോട്ടലുകളിലെയും ബുക്കിങ്ങുകൾ ഉയർന്നതിനാൽ സീസൺ തിരക്കേറിയതാകുമെന്ന പ്രതീക്ഷയിലാണ് ടൂറിസം മേഖല.

RNUTVPM

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.......**

**( വോയിസ്.....)**

*************************************

## കൺവെൻഷൻ സെൻ്ററർ

കാക്കനാട് കിൻഫ്ര എക്സിബിഷൻ സെൻ്ററിനോട് ചേർന്ന് കൺവെൻഷൻ സെൻ്ററർ 2025 ജനുവരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് മന്ത്രി പി രാജീവ് അറിയിച്ചു. കിൻഫ്ര എക്സിബിഷൻ സെൻ്ററിൽ സംഘടിപ്പിച്ച ഇന്ത്യ അന്താരാഷ്ട്ര വ്യാവസായിക പ്രദർശനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു മന്ത്രി.

*************************************

## നേവി മാരത്തോൺ

കൊച്ചി നേവി മാരത്തോൺ ഇന്ന് രാവിലെ വെല്ലിങ്ടൺ ഐലൻഡിലെ സാഗരിക ഇൻ്റർനാഷണൽ ക്രൂസ് ടെർമിനലിൽ നിന്ന് ആരംഭിച്ചു. 21 കിലോമീറ്റർ ഹാഫ് മാരത്തോൺ, 10 കിലോമീറ്റർ, അഞ്ച് കിലോമീറ്റർ എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ. ദക്ഷിണ മേഖല നാവികമാൻഡ് മേധാവി വൈസ് അഡ്മിറൽ വി ശ്രീനിവാസ് ഫ്ലാഗ് ഓഫ് ചെയ്തു.

RNU TVPM

*************************************

## കഥകളി നാട്യഭാരതി പുരസ്കാരം

പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബിന്റെ കഥകളി വേഷത്തിനുള്ള നാട്യഭാരതി പുരസ്കാരം സദനം ഭാസിക്ക്. കഥകളി സാഹിത്യത്തിനുള്ള അയിരൂർ രാമൻ പിള്ള പുരസ്കാരം പള്ളിപ്പുറം ഉണ്ണിക്കൃഷ്ണൻ, കഥകളി സംഗീതത്തിനുള്ള അയിരൂർ സദാശിവൻ പുരസ്കാരം കലാമണ്ഡലം വിഷ്ണു, സമഗ്ര സംഭാവനയ്ക്കുള്ള ഡോ. കെ.എൻ. വിശ്വനാഥൻ നായർ പുരസ്കാരം കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താൻ , നിരൂപണ സാഹിത്യത്തിനുള്ള പ്രഫ. എസ്.ഗുപ്തൻ നായർ പുരസ്കാരം ഡോ. മീന ടി.പിള്ള എന്നിവർ നേടി.

*************************************

**<u>മുനമ്പം - വി ഡി സതീശൻ</u>**

മുനമ്പം വിഷയത്തിൽ സംസ്ഥാന സർക്കാരാണ് തീരുമാനം എടുക്കേണ്ടതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. സർക്കാരും വഖഫ് ബോർഡും തീരുമാനിച്ചാൽ പത്ത് മിനിട്ടു കൊണ്ട് പ്രശ്നം പരിഹരിക്കാം. വിഷയം പരിഹരിക്കാതെ പരമാവധി വൈകിപ്പിക്കുകയെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് ശരിയല്ലെന്ന് അദ്ദേഹം പറഞ്ഞു.

*****************************************

*************************************************************

*****************************************

*************************

RNU TVPM